(ബി) റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്ന കാലയളവിൽ നിയമിച്ച 2 പേർ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക/ദിവസ വേതനാടിസ്ഥാനത്തിൽ പൊതുഭരണ വകുപ്പിൽ ജോലിചെയ്യുന്നുണ്ട്.

(സി)

വകുപ്പ്	ഒഴിവുകളുടെ വിവരം	ഒഴിവുകളുടെ എണ്ണം
KPSC	1-പ്രതീക്ഷിത ഒഴിവ് (1/12/2015)	1
AG	1 - Fresh	1
Legislative Secretariat	1 - Fresh	1
	ആകെ ഒഴിവുകൾ	3

റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ടി റാങ്ക് ലിസ്റ്റിൽ നിന്നുതന്നെ നിയമന ശിപാർശ നടത്തുന്നതാണ്.

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തിക

66 (3575) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്ലോമ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ് കോഴ്സും പ്ലസ് ടു കോഴ്സും തുല്യമാണെന്നു വ്യവസ്ഥ ചെയ്യുന്ന ഉത്തരവ് നിലവിലില്ലാത്തിനാൽ പ്ലസ് ടു വിനേക്കാൾ ഉയർന്ന യോഗ്യതയായ ഡി.സി.പി യോഗ്യതയുള്ളവരെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ പരിഗണിക്കത്തക്കവിധത്തിൽ ഉത്തരവു പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 130/2012 കാറ്റഗറി നമ്പരായി പി. എസ്. സി. നടത്തിയ പ്രസ്തുത തസ്തികയുടെ പരീക്ഷയിൽ ത്രിവത്സര ഡിപ്ലോമ നേടിയവരെക്കൂടി പരിഗണിക്കത്തക്ക വിധത്തിൽ പി.എസ്.സി.-ക്ക് ഉത്തരവു നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

GPM. 2/235/2020-18

LIBRARY ARCHIVES Kerala Legislative Assembly